**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം നൽകി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1938/2018/പൊ.വി. തീയതി, തിരുവനന്തപുരം 25.05.2018

==========================================================================

പരാമർശം:- 1) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08.12.2016 ലെ ഒ.എ.(EKM) നം.1788/2016 മേലുള്ള വിധിന്യായം.

2) സ.ഉ.(പി) നം.6/2018/പൊവി തീയതി 13.03.2018

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.05.2018 ലെ ഡി3/943/2018/ഡിപിഐ നമ്പർ കത്ത്.

## ഉത്തരവ്

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3)ലെ ശുപാർശയിൻപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി കേഡറിൽ ജോലിചെയ്തുവരുന്ന താഴെപറയുന്ന ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.പി.ഉഷാറാണിയെ മലപ്പുറം ജില്ലയിലെ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിലവിലുള്ള ഒഴിവിലും,

കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.ഇബ്രാഹിം തോണിക്കരയെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലയിൽ വിദ്യാഭ്യാസ ഓഫീസറുടെ നിലവിലുള്ള ഒഴിവിലും സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

2). പരാമർശം (2) ഉത്തരവ് പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാനാധ്യപകരായി സേവനമനുഷ്ഠിച്ച് വരുന്ന താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഡി.പി.ഐ.യുടെ ശുപാർശയിൻ പ്രകാരം 42500-87000 രൂപ ശമ്പള നിരക്കിൽ റഗുലർ വ്യവസ്ഥയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു:-

I. ശ്രീ.ശശിധരൻ വെണ്ണാർവീട്ടിൽ , പ്രധാനാധ്യാപകൻ, ഗവ.എച്ച്.എസ്.എസ്, പെരുവള്ളൂർ, മലപ്പുറം.

II. ശ്രീ.രാജൻ.എം , പ്രധാനാധ്യാപകൻ, ഗവ.എച്ച്.എസ്.എസ്.എടത്തനാട്ടുകര, പാലക്കാട്.

III. ശ്രീ.രാധാകൃഷ്ണൻ.വി , പ്രധാനാധ്യാപകൻ, എം.ആർ.എച്ച്.എസ്.എസ്.ഫോർ ഗേൾസ്, കാസർഗോഡ്

IV. ശ്രീമതി.ഉഷാദേവി അന്തർജനം.കെ.എസ് , പ്രധാനഅധ്യാപിക, ഗവ.എച്ച്.എസ്.എസ്, പള്ളിക്കൽ, തിരുവനന്തപുരം.

3). ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ടിയാരെ താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.ശശിധരൻ വെണ്ണാർവീട്ടിൽ-നെ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി നിലവിലുള്ള ഒഴിവിലും,

ശ്രീ.രാജൻ.എം-നെ ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി ശ്രീമതി.പി.ഉഷാറാണിയെ സ്ഥലംമാറ്റുന്ന ഒഴിവിലും

ശ്രീ.രാധാകൃഷ്ണൻ.വി-യെ കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി ശ്രീ.ഇബ്രാഹിം തോണിക്കരയെ സ്ഥലംമാറ്റുന്ന ഒഴിവിലും

ശ്രീമതി.ഉഷാദേവി അന്തർജനം.കെ.എസ്-നെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി നിലവിലുള്ള ഒഴിവിലും നിയമിച്ച് ഉത്തരവാകുന്നു.

4). പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3)ലെ ശുപാർശയിന്മേൽ കന്നട ഭാഷാ ന്യൂനപക്ഷ വിഭാഗം സ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സീനിയോറിറ്റി പട്ടികയിലെ ക്രമ നം.2 ആയ ശ്രീ.നന്ദികേശൻ.എൻ, കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി ഔട്ട് ഓഫ് ടേൺ നിയമന പ്രകാരം 42500-87000 രൂപ ശമ്പള നിരക്കിൽ താല്ക്കാലികമായി സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (1)ലെ ബഹു.KAT ന്റെ 08.12.2016 ലെ OA(EKM) 1788/2016-ാം നമ്പരിലെ വിധിന്യായം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അജി ഫിലിപ്പ്**

ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (GEDN/സി3/90/2018/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് - വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

**ഭരണഭാഷ – മാതൃഭാഷ**

**പുറത്തെഴുത്ത് നമ്പർ ഡി3/943/2018/ഡി.പി.ഐ. തീയതി :26.05.2018**

സ.ഉ. (സാ.ധാ.) നം.1938/2018/പൊ.വി. തീയതി 25.05.2018 – ന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

**(ഒപ്പ്)**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

/അംഗീകാരത്തോടെ/

സൂപ്രണ്ട്

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും